III.ഇ.ബി./XII-കേരള നിയമസഭ/II-18.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ഒക്ടോബർ 18, ബുധൻ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം (*601, *602, *603 & *604) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. അടിയന്തിരപ്രമേയം

കാലടി, കണ്ണൂർ, മഹാത്മാഗാന്ധി, കൊച്ചി എന്നീ സർവ്വകലാശാലകളിലെ വൈസ്–ചാൻസലർമാരെ ഒഴിവാക്കാനും ഭരണസ്തംഭനം സൃഷ്ടിച്ച് അവയുടെ സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ട് യൂണിവേഴ്സിറ്റികളുടെ ഓട്ടോണമി തകർക്കുവാനും നടത്തുന്ന ശ്രമങ്ങൾ രക്ഷാകർത്താക്കളിലും വിദ്യാർത്ഥികളിലും വിദ്യാഭ്യാസ വിദഗ്ദധരിലുമുണ്ടാക്കിയിട്ടുള്ള ചിന്താക്കുഴപ്പവും അതിൽനിന്നുളവായ ഗുരുതരമായ സ്ഥിതിവിശേഷവും സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.സി. ജോസഫും മറ്റ് മൂന്നംഗങ്ങളും ചേർന്ന് നൽകിയ അടിയന്തിരപ്രമേയാവതരണത്തിനുള്ള നോട്ടീസിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയും

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

III. ശ്രദ്ധ ക്ഷണിക്കൽ

(1) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന വീഴ്ചകൾമൂലം ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സുനാമി ബാധിതർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ.ബി. ബാബുപ്രസാദ് റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) തലശ്ശേരി–മൈസൂർ റെയിൽപ്പാത അനുവദിച്ചുകിട്ടുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീമതി കെ.കെ. ശൈലജ ടീച്ചർ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

IV. സബ്മിഷൻ

(1) ലെറ്റർബോംബ് സ്ഫോടനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മണക്കാട് സ്വദേശിയായ മൊഹസ്സീൻ എന്ന വിദ്യാർത്ഥിയെ പോലീസ് അന്യായമായി കസ്റ്റഡിയിൽവച്ച് പീഡിപ്പിച്ചത് സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ.

ഉമ്മൻചാണ്ടി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിയുന്ന അബ്ദുൾനാസ്സർ മ്അദനിക്ക് പരോളും ചികിത്സയും ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടത് സംബന്ധിച്ച് ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) പി.എസ്.സി. യുടെ ഉത്തരവിന് വിരുദ്ധമായി ധീവര സമുദായത്തിലെ ഉദ്യോഗാർത്ഥികളോട് മത്സ്യത്തൊഴിലാളിയാണെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെടുന്നത് സംബന്ധിച്ച് ശ്രീ.ടി.എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(4) കർണ്ണാടകയിലെ മംഗലാപുരത്ത് സംഘർഷമുണ്ടായതിനു ശേഷം മലയാളി വിദ്യാർത്ഥികൾ നേരിടുന്ന വിഷമതകൾ സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(5) സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നത് സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(6) കിളിമാനൂർ മണ്ഡലത്തിലെ അയിലം പാലത്തിന്റെ പ്രവൃത്തി ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ.എൻ. രാജൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(7) ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ-പഴ സംസ്ക്കരണ യൂണിറ്റിന്റെ (F.P.N.C.) ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. എ.കെ. ശശീന്ദ്രൻ ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) സംസ്ഥാന സ്ക്കൂൾ യുവജനോത്സവ മാന്വൽ പുതുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.എം. മുരളി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) കോഴിക്കോട് പ്രവർത്തിച്ചുവരുന്ന K.U.D.F.C. ഓഫീസ് തിരുവനന്തപുരത്തേയ്ക്ക് മാറ്റാൻ ശ്രമം നടക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) തൃശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ രണ്ടാംഘട്ട വികസന പദ്ധതി പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(11) ക്യാൻസർ രോഗികളുടെ പെൻഷൻ വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച് ശ്രീ. സാജു പോൾ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(12) പത്തനംതിട്ട ജില്ലയിലെ മലയോര കർഷകർക്ക് പട്ടയം ലഭിക്കാൻ കമ്പക്കല്ലിലെ റവന്യൂഭൂമി പകരം നൽകണമെന്നതു

സംബന്ധിച്ച് ശ്രീ. രാജൂ എബ്രഹാം ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(13) പറവൂർ, വടക്കേക്കര നിയോജകമണ്ഡലങ്ങളിലെ ചെറുദ്വീപുകളിൽ നിന്നും അജ്ഞാതരായ ആളുകൾ സ്ഥലം വാങ്ങിക്കൂട്ടുന്നത് സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) പീരുമേട്ടിലെ കൊക്കയാർ വില്ലേജിലെ ഉരുൾപ്പൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീമതി ഇ.എസ്. ബിജി മോൾ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(15) കേരള പോലീസിലെ ക്യാമ്പ് ഫോളോവേഴ്സ് വിഭാഗത്തെ സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.പി. തിലോത്തമൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(16) എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന നിയമവിരുദ്ധ നടപടികൾ സംബന്ധിച്ച് ശ്രീ.വി. എൻ..വാസവൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(17) പെരിന്തൽമണ്ണ താലൂക്കിലെ P.T.M. ഗവൺമെന്റ് കോളേജിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച് ശ്രീ.വി. ശശികുമാർ

ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

V. ക്രമപ്രശ്നം

എം.എൽ.എ. മാരേയും മറ്റ് ജനപ്രതിനിധികളേയും സർക്കാർ നടത്തുന്ന പരിപാടികളിൽ ക്ഷണിക്കാത്തതു സംബന്ധിച്ച് ശ്രീ.ടി.എൻ. പ്രതാപൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകുകയും സർക്കാർ പരിപാടികളിൽ അതാത് സ്ഥലത്തെ എം.എൽ.എ. മാരേയും ജനപ്രതിനിധികളേയും പങ്കെടുപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ശ്രദ്ധിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയുമുണ്ടായി.

VI. റിപ്പോർട്ട് സമർപ്പണം

2006-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അഞ്ച് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകളും സമർപ്പിച്ചു.

VII. നിയമനിർമ്മാണകാര്യം

**<u>2006-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>**

2006-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബില്ലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ബില്ലിന്റെ ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു:

(1) ശ്രീ. കെ.സി. ജോസഫ്

(2) ശ്രീ. വി.ജെ. തങ്കപ്പൻ

(3) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

(4) ശ്രീ. എൻ. രാജൻ

(5) ശ്രീ. തോമസ് ഉണ്ണിയാടൻ

(6) ശ്രീ. വി. സുരേന്ദ്രൻപിള്ള

(7) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

(8) ശ്രീമതി കെ.കെ. ലതിക

(9) ശ്രീ. അൽഫോൺസ് കണ്ണന്താനം

(10) ശ്രീ. സി.എം. ദിനേശ് മണി

(11) ശ്രീ. കെ. സുധാകരൻ

(12) ശ്രീ. സാജു പോൾ

(13) ശ്രീ. ജോസ് തെറ്റയിൽ

(14) ശ്രീ. തോമസ് ചാണ്ടി

(15) ശ്രീ. പള്ളിപ്രം ബാലൻ

(16) ശ്രീ. രാജൂ എബ്രഹാം

(17) ശ്രീ. ഉമ്മൻ ചാണ്ടി

ചർച്ചയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കുശേഷം 2006-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

2006–ലെ കേരള ധനവിനിയോഗ (16–ാം നമ്പർ) ബിൽ പാസ്സാക്കണെമെന്ന പ്രമേയം 33–നെതിരെ 78 വോട്ടുകളോടെ സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

## VIII. സ്റ്റാറ്റ്യൂട്ടറി പ്രമേയം:

ജലവിഭവ വകുപ്പുമന്ത്രി 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ 30–ാം വകുപ്പ് അനുസരിച്ചുള്ള പ്രമേയം അവതരിപ്പിക്കുകയും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.സി. ജോർജ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

തുടർന്നുനടന്ന ചർച്ചയിൽ താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പങ്കെടുത്തു.

(1) ശ്രീ. കെ.കെ. ജയചന്ദ്രൻ

(2) ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

(3) ശ്രീ. രാജാജി മാത്യൂ തോമസ്

(4) ശ്രീ. ജോസ് തെറ്റയിൽ

(5) ശ്രീ. ജോസഫ് എം. പുതുശ്ശേരി

(6) ശ്രീ. പി.ജെ. ജോസഫ്

(7) ശ്രീ. പി.സി. ജോർജ്

(8) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ചർച്ചയ്ക്ക് ജലവിഭവ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി പറഞ്ഞു.

(പ്രമേയം കേരളത്തിന്റെ ഉത്തമതാല്പര്യങ്ങളെ ഹനിക്കുന്നതാണെന്ന് ആരോപിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും തുടർന്ന് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും ചെയ്തു.)

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രമേയം സഭ പാസ്സാക്കി.

2006 ഒക്ടോബർമാസം 19–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.44–ന് പിരിഞ്ഞു.

...............................................